62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 640 Participant Code: 107

# അച്ഛൻ അയച്ച സമ്മാനങ്ങൾ

ആഷ് ഗ്ലാസ്സിൽ കുന്നുകൂടിയ ചാരത്തിനിടയിൽ നിന്ന് മുക്കുകുത്തിയ ബീഡിക്കുറ്റിയുടെ അവസാനത്തെ പുകനാളവും ഉയർന്നു കൂര തൊടുംമുമ്പ് അതിനെ കാറ്റ് കൊണ്ടുപോയി. ജനാലയിലൂടെ അതിക്രമിച്ച് എത്തിയ ചാറ്റൽമഴ ചാരുകസേരയിലെ ആ ശരീരത്തെ ഉണർത്തി.

മാളു ഉറങ്ങുന്നു. വീടും ഉറങ്ങുന്നു. അവളുടെ അനക്കം ഇല്ലെങ്കിൽ വേണ്ടാത്ത ചിന്തകളാണ് ചുറ്റും. ജിജിക്ക് ഇന്ന് ഹോസ്പിറ്റലിൽ പോകണമെന്ന് തോന്നുന്നു. അവൾ പോയിക്കഴിഞ്ഞ് മാളുവിനെയും കൊണ്ട് എവിടെയെങ്കിലും പോകണം. കുറേ നാളുകൾക്ക് ശേഷമാണ് ഒരു ഉന്മേഷം തോന്നിയത്. ജാനകിയുടെയും മോന്റെയും അടുത്തേക്ക് പോകണമെന്ന് ഏറെ ആഗ്രഹിക്കുന്നു. പറ്റില്ലല്ലോ, ജിജിയെയും മാളുവിനെയും ഇട്ടേച്ച് എനിക്ക് പോവാൻ പറ്റുമോ? ഞാനും കൂടെ പോയാൽ അവൾ ഒറ്റക്കാകും.

ജിജി ആവിപറക്കുന്ന ചായ അച്ഛനുനേരെ നീട്ടി. അവളുടെ കണ്ണുകൾ കൂടുതൽ വിങ്ങിയതായി അച്ഛന് തോന്നി "ഇന്ന് ചെക്ക്അപ്പ് ഉണ്ട്, ഉച്ചക്കു മുമ്പ് ഞാൻ വരാം".

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

"കേസിന്റെ വിചാരണ നാളെയല്ലേ? ഞാൻ വക്കീലിനെ കാണാൻ മാളുവിനെയും കൂട്ടി പോന്നിണ്ട്, സ്കാൻ വെച്ചിട്ട് ഫോണിൽ വിളിച്ചാൻ മതി."

ഒരു മൂളൽ മാത്രം ബാക്കിവെച്ചിട്ട് ജിജി അടുക്കളയിലേക്ക് പാഞ്ഞു. കത്തിന്റെ പുറകിൽനിന്ന് മാളു ഒറ്റച്ചാട്ടം.

"മാളൂട്ടി ചെന്ന് ഉടുപ്പിട്ടിട്ട് വേഗം വാ, നമ്മുക്ക് ഒരിടം വരെ പോവാം."

"അയ്യേ, അപ്പാപ്പൻ പേടിച്ചില്ലേ? പേടിക്കാതെ ഞാൻ വരൂല്ല." മാളുവിന്റെ പിണക്കം കണ്ട് അപ്പാപ്പൻ താളത്തിൽ ചിരിച്ചു. പേടിച്ചുവിരണ്ട അപ്പാപ്പനുമായി മാളൂട്ടി ഒരുങ്ങിയിറങ്ങി. ആട്ടിൻകുട്ടി ഓടണമാതിരി അവൾ അപ്പാപ്പന്റെ കൈയ്യും പിടിച്ച് റോഡിലൂടെ ചാടി ചാടി നടന്നു. അവളുടെ പുറകെ കഷ്ടപ്പെട്ട് അപ്പാപ്പൻ ഓടി. "അയ്യേ, അപ്പാപ്പന് സ്പീഡില്ല, മാളൂട്ടി ഓട്ടക്കാരിയാ..." വക്കീലാപ്പീസിലെ തിരക്ക് കണ്ട് മാളൂട്ടി മടുത്തു. പിണക്കം മാറ്റാൻ അപ്പാപ്പൻ പേഡ വാങ്ങിച്ചു. നാരങ്ങാവെള്ളം അടിക്കണത് കൗതുകത്തോടെ അവൾ നോക്കിനിന്നു. അപ്പാപ്പനും തന്റെ മുൻപിലുള്ള കുഞ്ഞ് അത്ഭുതത്തെ നോക്കിനിന്നു. "മാളൂട്ടിക്ക് അപ്പുനെ

62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

**Item Code:** ..............................  **Participant Code:** 107

കാണാൻ തോന്നുന്നുണ്ടോ?"
"അച്ഛൻ ദൂരെയല്ലേ, ഇനി ഇങ്ങോട്ട് വരില്ലാലോ."
"അപ്പം കുട്ടിക്ക് സങ്കടം ഇല്ലാ?"
"എന്റെ സങ്കടം മാറ്റാനാ അച്ഛൻ കുഞ്ഞുവാവയെ അയച്ചത്.
അവനും കൂടി വന്നാൽ നല്ല രസമായിരിക്കും."
അച്ചാച്ചന്റെ ചോദ്യങ്ങൾ മാളൂട്ടി വായുവിൽ പറപ്പിച്ചു.
ക്ഷീണം മാറി മുത്തച്ഛനും കുട്ടിയും വീണ്ടും നടപ്പുതുടർന്നു.
"അച്ചാച്ചന് അമ്മാമ്മയെ കാണാൻ തോന്നുന്നുണ്ടോ?"
"അവൾ എന്നെ കാണാൻ വരുമല്ലോ!" വിട്ടുകൊടുക്കാൻ
മനസ്സില്ലാതെ അച്ചാച്ചൻ ഉച്ചുനിന്നു.
"അത് എപ്പോ, അന്നിട്ട് ഞാൻ കണ്ടില്ലാലോ?, എന്നെ പറ്റിക്കുവാ"
"അമ്മാമ്മ എല്ലാ രാത്രിയും ഞാൻ ഉറങ്ങി കഴിയുമ്പോൾ വരും.
എന്നിട്ട് എന്നോട് വിശേഷങ്ങൾ ചോദിക്കും. മാളൂട്ടിക്ക്
കുറുമ്പ് കൂടിയോന്ന് ചോദിക്കും."
"ഇനി വരുമ്പോൾ എന്നെയും വിളിക്കണേ."
ജയിച്ച സന്തോഷത്തിൽ അച്ചാച്ചൻ തലയാട്ടി. പോക്കറ്റിലെ
'നോക്കിയാ' ഫോൺ വിറക്കാൻ തുടങ്ങി. കോൾ എടുത്ത
തും അച്ചാച്ചൻ കൈ നെഞ്ചത്തുവെച്ചതും ഒരുമിച്ചായിരു
ന്നു. മാളൂട്ടിയെ വാരിയെടുത്തുകൊണ്ട് അച്ചാച്ചൻ

(**Note:** This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ഓടി. വേദനകളെല്ലാം മറന്ന് അയാൾ ഓടി. ലേബർ റൂമിന് മുമ്പിൽ നിന്ന് കിതക്കുന്ന വയസ്സനെ കണ്ട് നെഴ്സ് അന്തംവിട്ടു. "ഇങ്ങള് ബേജാറാവണ്ട, ~~ഒരു മണിക്കൂർ വെയ്റ്റ് ചെയ്യ്~~, ഡോക്ടർ ഇപ്പം വരും. ഞാൻ വിളിക്കാം" മാളൂട്ടിക്ക് ഒന്നും പിടികിട്ടിയിട്ടില്ലാ. അപ്പാപ്പൻ എന്തെങ്കിലും പറയാൻ വേണ്ടി അവൾ കാത്തുനിന്നു.

"മാളൂട്ടിക്ക് അനിയൻവാവയെ കാണണ്ടേ? അമ്മ അനിയൻവാവയെയും കൂട്ടി ഇപ്പോൾ വരും, നമുക്ക് കാത്തിരിക്കാം". ഡോക്ടർ അപ്പാപ്പനോട് എന്തെല്ലാമോ സംസാരിക്കണത് മാളൂട്ടി കണ്ടു. ക്ഷമ നശിച്ച് അവൾ ആരുംകാണാതെ അടുത്ത മുറിയിലേക്ക് നടന്നു. അല്പസമയം കൊണ്ട് അതൊരു കൂട്ടതിരച്ചിലിന് ഇടയാക്കി. സെക്യൂരിറ്റികൾ നീല പാവാട ഇട്ട കുട്ടിയെ അന്വേഷിച്ചു. അപ്പാപ്പൻ വിയർത്തൊഴുകുകയാണ്. ഒറ്റക്കാക്കി പോയതിൽ ജാനകിയെ ഒരുപാട് കുറ്റപ്പെടുത്തി. ജാനകിയും മോനും അവിടെ സുഖിക്കുവായിരിക്കും. കുട്ടികളെ വഷളാക്കിയതിൽ മോനെയും ചീത്ത പറഞ്ഞു. ഈ സന്ദർഭത്തിൽ മാളൂട്ടിയും പോയില്ലേ. അപ്പാപ്പൻ ഒറ്റക്കാണെന്ന് അവൾ ഓർത്തില്ലല്ലോ?

മുണ്ടിന്റെ അറ്റം കൊണ്ട് അയാൾ കണ്ണുനീർ തുടച്ചു. ...

"അമ്മേ, അപ്പാപ്പൻ കരയുന്നു" മാളൂട്ടി ഓടിയെത്തി.

"നീ എവിടെപ്പോയതാ എന്റെ മോളേ?" അപ്പാപ്പൻ മുട്ടുകുത്തി മാളൂട്ടിയെ കെട്ടിപ്പുണർന്നു.

"ഞാൻ അപ്പനെ കാണാൻ പോയതാ, ദേ ഒരു അങ്കിൾ എനിക്കൊരു കത്തു തന്നു. അപ്പന്റെ വിശേഷങ്ങളൊക്കെ അങ്കിൾ പറഞ്ഞു."

ആ കത്ത് മാളൂട്ടി അപ്പാപ്പന്റെ കൈയ്യിലേക്ക് സുരക്ഷിതമായി വെച്ചുകൊടുത്തു.

പ്രിയപ്പെട്ട മാഷിന്,

എന്നോട് ക്ഷമിക്കാൻ പറ്റില്ലാന്ന് അറിയാം, അങ്ങയുടെ മകനെ എനിക്ക് തിരിച്ചുതരാൻ കഴിയില്ലാന്നറിയാം. ഒന്നും മനഃപൂർവ്വം ആയിരുന്നില്ല. നിങ്ങളുടെ കുടുംബത്തിന്റെ കണ്ണീര് കാണണമെന്ന് ആഗ്രഹവില്ല. ഒരിക്കലെങ്കിലും എന്നോട് ക്ഷമിക്കണം. ചിലപ്പോ നാളത്തെ വിധികേൾക്കാൻ ഞാൻ ഉണ്ടാവണമെന്നില്ല. വിധി എനിക്ക് എതിരല്ലെങ്കിൽ നിങ്ങൾ സങ്കടപ്പെടരുത്. ശിക്ഷ ഞാൻ അനുഭവിക്കുന്നുണ്ട് അപ്പാ.. മാളൂട്ടിയോട് എന്നെ വെറുക്കരുത് എന്ന് പറയണം.

എന്ന് സ്നേഹപൂർവ്വം
അജയ്

മാളൂട്ടിയും കത്ത് വായിക്കാൻ ശ്രമിച്ചു. അവളുടെ മുമ്പിൽ കരയാൻ അയാൾക്ക് ജാള്യത തോന്നി. മുഖത്ത് ചിരി പിടിപ്പിച്ചുകൊണ്ട് അച്ഛാച്ഛൻ മാളൂട്ടിയുടെ തിളങ്ങുന്ന കണ്ണുകളെ നോക്കി

"മാളൂട്ടിക്ക് ഇന്ന് രണ്ട് സമ്മാനങ്ങൾ കിട്ടിയല്ലോ."

അത് ഏതൊക്കെയെന്ന് അവൾ ചോദിച്ചില്ല.

കത്തിനിടയിലൂടെ "ജിജ്ജി..." എന്നൊരു വിളി പുറപ്പെട്ടു. റോസാപ്പൂപോലെ ചുമന്ന് തുടുത്ത ഒരു സമ്മാനം അച്ഛാച്ഛൻ അവൾക്ക് കാണിച്ചുകൊടുത്തു.

അവളുടേതിനേക്കാൾ ചെറിയ വിരലുകളെ അവൾ പതിയ തൊട്ടു തലോടാൻ തുടങ്ങി. കുഞ്ഞ് മുടിനാരിലൂടെ പതിയെ വിരലോടിച്ചു. പഞ്ഞിപോലെ മൃദുലമായ കവിളുകളിൽ വളരെ ശ്രദ്ധയോടെ അവൾ ഒരു മുത്തം നൽകി. അച്ഛൻ തന്ന സമ്മാനങ്ങളിൽ ഏറ്റവും പ്രിയപ്പെട്ടത് ആ സമ്മാനമായിരുന്നു.

കാത്തിരുന്നു കിട്ടിയ റോസാപ്പൂവിനെ അച്ഛാച്ഛൻ നെഞ്ചിൽ ചേർത്തുവെച്ചു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

മുപ്പത് വർഷങ്ങൾക്ക് മുമ്പ് കിട്ടിയ മറ്റൊരു റോസാപ്പൂവിനെ മടിയിൽവെച്ച് താലോലിച്ചത് അപ്പാപ്പൻ തേങ്ങലോടെ ഓർത്തു.

"ജാനകീ... നീ എന്നെ ഒറ്റക്കാക്കിയില്ലല്ലോ."

മാളൂട്ടി നീല പാവാട പിടിച്ച് ചുറ്റിക്കറങ്ങി. "അമ്മയെവിടെ അപ്പാപ്പാ?..."

ആ ചോദ്യത്തിനുമുമ്പിൽ ശരിക്കും തോറ്റുപോയതായി അയാൾക്ക് തോന്നി.